8. ജെ.എൽ.എം. ഗവൺമെന്റ് എച്ച്.എസ്സ്.എസ്സ്. പുതുപ്പണം,
9. ജി.ജി.എച്ച്.എസ്സ്.എസ്സ്.മടപ്പള്ളി,
10. ഗവൺമെന്റ് വി.എച്ച്.എസ്സ്.എസ്സ്. ഓർക്കാട്ടേരി,
11. ഗവൺമെന്റ് വി.എച്ച്.എസ്സ്. പയ്യോളി.
12. ജി.ജി.എച്ച്.എസ്സ്.എസ്സ്. കൊയിലാണ്ടി,
13. ജി.എം.വി.എച്ച്.എസ്സ്.എസ്സ്.കൊയിലാണ്ടി,
14. ജി.ആർ.എഫ്.റ്റി.എച്ച്.എസ്സ്എസ്സ്.കൊയിലാണ്ടി

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ സുനാമി ബാധിത മേഖലയിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്

46(735) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ബാധിത മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എത്ര കുട്ടികൾക്ക് ഇതുവരെ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് ;

(ബി) എത്ര തുക ഇപ്രകാരം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണവും വിതരണം ചെയ്ത തുകയും ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ആലപ്പുഴ നഗരത്തിലെ സർക്കാർ, എയ്ഡഡ്, സഹകരണ, സ്വാശ്രയ, മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം

47(736) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ്, സഹകരണ, സ്വാശ്രയ മേഖലകളിലായി ആലപ്പുഴ നഗരത്തിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഓരോന്നും, ഏതെല്ലാമെന്നും, ഓരോന്നിലും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly